**ബാർ കംഭകോണം**

185 (186) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കംഭകോണകേസിൽ വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ; ഇത്തരമൊരു അഴിമതി കേസിൽ വിജിലൻസ് നിർബന്ധമായി പാലിച്ചിരി ക്കേണ്ടതായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ; അന്വേഷണ സംഘത്തോട് എന്തെല്ലാം കാര്യങ്ങൾ അന്വേഷണ വിധേയമാക്കാനാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്; അന്വേഷണ ഉദ്യോഗസ്ഥന്മാർ ആരൊക്കെ ;

(ബി) ബാർ ഉടമ ബിജു രമേശിന്റേതുൾപ്പടെ ബാർ അഴിമതിയുമായി ബന്ധപ്പെട്ട് ഇതിനകം പുറത്തുവന്ന വെളിപ്പെടുത്തലുകളെയും റിപ്പോർട്ടുകളെയും കുറിച്ചെല്ലാം അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; അന്വേഷണത്തിന്റെ ഭാഗമായി എഫ്.ഐ.ആർ. തയ്യാറാക്കിയത് എപ്പോഴാണ്; പകർപ്പ് സഭയുടെ മേശപ്പുറത്തു ലഭ്യമാക്കാമോ; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധിപ്രസ്താവം ഈ കേസിൽ പാലിച്ചിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിയുടെയും സഹമന്ത്രിമാരുടെയും കേസിലെ പങ്കാളിത്തം സംബന്ധിച്ച ബാർ ഉടമകളിൽ നിന്നുയർന്നുവന്ന ആക്ഷേപങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; മുഴുവൻ ബാറുടമകളിൽ നിന്നും തെളിവ് ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എന്തെല്ലാം രേഖകൾ ജപ്തി ചെയ്തെടുക്കുകയുണ്ടായി; അന്വേഷണ ഉദ്യോഗസ്ഥന്മാർ മൊഴി രേഖപ്പെടുത്താൻ തയ്യാറായില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്മാർ ബാർ ഉടമകളിൽ നിന്നും മൊഴി പൂർണ്ണമായി രേഖപ്പെടുത്തുവാൻ തയ്യാറാകാതെ മുൻകൂട്ടിതയ്യാറാക്കപ്പെട്ട ചോദ്യാവലിയുടെ ഉത്തരം തേടുക മാത്രമായിരുന്നു എന്ന് ആക്ഷേപിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിജിലൻസ് സംഘം നാളിതുവരെ എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി; ആക്ഷേപം ഉന്നയിക്കപ്പെട്ടവരിലും ആക്ഷേപിക്കപ്പെട്ടവരിലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തവർ ആരൊക്കെ ;

(എഫ്) ആരോപിതനായ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി കറ്റവിമുക്തനാണെന്ന് മന്ത്രി സഭായോഗം വിലയിരുത്തിയിട്ടുണ്ടോ ; അന്വേഷണം ആവശ്യമില്ലെന്ന് മുഖ്യമന്ത്രി പരസ്യമായി പ്രസ്താവന നടത്തിയത് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ ;

(ജി) തെളിവുകൾ ചോദിച്ച് ആരെയും പ്രകോപിപ്പിക്കേണ്ടെന്ന് ധനകാര്യമന്ത്രി ഗവ. ചീഫ് വിപ്പിന്റെ സാന്നിദ്ധ്യത്തിൽ ജലവിഭവ വകുപ്പു മന്ത്രിക്ക് നിർദ്ദേശം നൽകിയതായി പുറത്തുവന്നതായി പറയപ്പെടുന്ന ശബ്ദരേഖയടങ്ങുന്ന ദൃശ്യങ്ങൾ വിജിലൻസ് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വിജിലൻസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം അവസാനഘട്ടത്തിലാണ്. അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ ആയത് പ്രഥമദൃഷ്ട്യാ സത്യമാണോയെന്ന് ഒരു പ്രാഥമിക അന്വേഷണം നടത്തി വിജിലൻസ് വകുപ്പ് പരിശോധിക്കാറുണ്ട്. ആരോപണ വിധേയനായ ആൾക്ക് കോഴ കൊടുത്തിട്ടുണ്ടോയെന്നും ആയത് പ്രസ്തുത വ്യക്തി കൈപ്പറ്റിയിട്ടുണ്ടോ എന്നുമാണ് അന്വേഷിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണ മേഖല, തിരുവനന്തപുരം ഓഫീസിലെ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ദക്ഷിണ മേഖല, തിരുവനന്തപുരം ഓഫീസിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. എസ്. സുരേഷ് കുമാർ, പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. ഷൈൻ തോമസ്, ശ്രീ. ബി. ഗോപകുമാർ എന്നിവരാണ് അന്വേഷണം നടത്തുന്നത്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. 22 ബാർ ഉടമകളുടേയും ഈ ആരോപണവുമായി ബന്ധപ്പെട്ട പരാതിക്കാരുടേയും മൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിന്റെ ഭാഗമായി പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടില്ല. സത്വര അന്വേഷണം പുരോഗതിയിലാണ്.

(സി) അന്വേഷണവേളയിൽ മുഖ്യമന്ത്രിയുടേയും, മറ്റ് മന്ത്രിയുടേയും പങ്കാളിത്തം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 22 ബാർ ഉടമകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ചില പ്രധാനപ്പെട്ട ബാർ ഉടമകൾ അന്വേഷണത്തോട് നിസ്സഹകരിക്കുകയാണ്. ജപ്തി ചെയ്ത രേഖകളൊന്നും ശേഖരിച്ചിട്ടില്ല. തയ്യാറായ എല്ലാവരിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥർ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹാജരായ ബാർ ഉടമകൾ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട്. ചോദ്യാവലി നൽകിയല്ല മൊഴി രേഖപ്പെടുത്തിയത്.

(ഇ) വിജിലൻസ് സംഘം നാളിതുവരെ 26 പേരെ ചോദ്യം ചെയ്യുകയുണ്ടായി. ആക്ഷേപം ഉന്നയിച്ചവരും ആക്ഷേപിക്കപ്പെട്ടവരുമായ എല്ലാവരെയും ചോദ്യം ചെയ്യുകയുണ്ടായി.

(എഫ്) ഇക്കാര്യം സംബന്ധിച്ച് മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ജി) അന്വേഷണം പുരോഗതിയിൽ ആണ്. തെളിവുകൾ പരിശോധിച്ചു വരുന്നതേയുള്ളൂ.

## സായുധ മാവോയിസ്റ്റുകളുടെ സാന്നിധ്യം

186 (187) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സായുധ മാവോയിസ്റ്റുകളെ വിന്യസിപ്പിച്ചിട്ടുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വന പ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണങ്ങളും പരിശോധനകളും നടത്തിവരുന്നു. വന മേഖലയിലും സമീപപ്രദേശങ്ങളിലും മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് നിലവിൽ പരിശോധനകൾ നടത്തിവരുന്നു.

## പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ സൈബർ ഡോം

187 (188) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് ആഭ്യന്തര വകുപ്പിന് കീഴിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ സൈബർ ഡോം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly